# ഇസ്‌ലാമിലെ സമ്പൂർണ മദ്യനിരോധം

***ചോദ്യം: സാമൂഹിക പ്രശ്നമാണല്ലോ മദ്യം. അത് വ്യക്തിക്കും കുടുംബത്തിനും വരുത്തിവെക്കുന്ന പ്രത്യാഘാതങ്ങൾ ഒട്ടും ചെറുതല്ല. ഇസ്‌ലാം മദ്യം എന്ന വിപത്തിനെ എങ്ങനെയാണ് നോക്കിക്കാണുന്നത്?***

**ഉത്തരം: ഡോ. യൂസുഫുൽ ഖറദാവി**

മനുഷ്യനെ ഉന്മത്തനാക്കുന്ന ലഹരിപദാർഥമാണ് മദ്യം. അത് വ്യക്തിയുടെ ബുദ്ധിക്കും ശരീരത്തിനും വിശ്വാസത്തിനും വരുത്തിവെക്കുന്ന വിനകൾ വ്യക്തമാണ്. കുടുംബപരമായ ഉത്തരവാദിത്വ നിർവഹണത്തിലും സമൂഹത്തിന്റെ സദാചാര, ഭൗതിക, ആത്മീയതലങ്ങളിലും അത് സൃഷ്ടിക്കുന്ന ആഘാതങ്ങളും ഒട്ടും ചെറുതല്ല.

മദ്യപാനത്തിന്റെ തിക്തഫലങ്ങളാണ് സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മാരകരോഗം ബാധിച്ച് ആശുപത്രികളിൽ കഴിയുന്നവരുടെ രോഗകാരണങ്ങൾ പലപ്പോഴും മദ്യപാനത്തിലാണ് ചെന്നെത്തുന്നത്. ആത്മഹത്യകൾ, കൊലപാതകങ്ങൾ, മാനസികവും ഉദരസംബന്ധിയുമായ രോഗങ്ങൾ ഇവയുടെയൊക്കെ കാരണങ്ങളിൽ മിക്കവയും മദ്യംതന്നെ. സാമ്പത്തികമായി വ്യക്തികൾ വഴിയാധാരമാകുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഇങ്ങനെ മദ്യവുമായി ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങളുടെ പട്ടിക നീണ്ടതാണ്. മദ്യവിരുദ്ധ പ്രവർത്തനങ്ങളാകട്ടെ പരിമിതമായേ നടക്കുന്നുമുള്ളൂ.

മദ്യത്തോട് അത്യാസക്തി പ്രകടിപ്പിച്ചവരായിരുന്നു പൗരാണിക അറബികൾ. മദ്യവർണന അറബിസാഹിത്യത്തിൽ മർമവിഷയമായിരുന്നു.

ഇസ്‌ലാമിന്റെ ആഗമനത്തോടെ സ്ഥിതി മാറി. യുക്തിദീക്ഷയോടും ക്രമപ്രവൃദ്ധമായും സമ്പൂർണ മദ്യനിരോധം ഇസ്‌ലാം പ്രയോഗവത്കരിച്ചു. തുടക്കത്തിൽ, നമസ്കാരത്തിന് വരുമ്പോൾ മദ്യപിക്കരുതെന്ന് വിലക്കി. തുടർന്ന് മദ്യത്തിന്റെ ദൂഷ്യങ്ങൾ അതിന്റെ ഉപകാരത്തേക്കാൾ വളരെയേറെയാണെന്ന് ജനങ്ങളെ ബോധവത്കരിച്ചു. ഒടുവിൽ മദ്യം സമ്പൂർണമായി നിരോധിക്കുകയും ചെയ്തു. "വിശ്വസിച്ചവരേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നശാസ്ത്രങ്ങളും പൈശാചികവൃത്തികളിൽ പെട്ട മാലിന്യങ്ങളാകുന്നു. അവയെ വർജിക്കുക. നിങ്ങൾക്ക് വിജയസൗഭാഗ്യം പ്രതീക്ഷിക്കാം. ചെകുത്താൻ മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ വൈരവും വിദ്വേഷവും ഉണ്ടാക്കാനും ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും തടയാനുമാണ് ആഗ്രഹിക്കുന്നത്. ഇനിയെങ്കിലും നിങ്ങൾ അവയിൽനിന്നും വിരമിക്കുമോ?" (ഖുർആൻ 5:90,91).

മദ്യത്തിന്റെയും ചൂതാട്ടത്തിന്റെയും സമ്പൂർണ നിരോധമാണ് ഈ സൂക്തങ്ങളിൽ പ്രഖ്യാപിക്കുന്നത്. പ്രതിഷ്ഠ, പ്രശ്നശാസ്ത്രം എന്നിവയോടാണ് അതിനെ ബന്ധിപ്പിച്ചിരിക്കുന്നത്. ഇവയെ പൈശാചിക മ്ലേഛവൃത്തികളായി എണ്ണുകയും ചെയ്തിരിക്കുന്നു. മദ്യപാനത്തിന്റെ സാമൂഹികപ്രശ്നങ്ങളും ഖുർആൻ പരാമർശിച്ചിട്ടുണ്ട്. പരസ്പര വൈരവും വിദ്വേഷവും കുടുംബതകർച്ചയും മദ്യം ഉണ്ടാക്കുന്ന സാമൂഹികവിപത്തുകളാണ്. ആത്മീയതയെ മദ്യം കെടുത്തിക്കളയും.

സമ്പൂർണ മദ്യനിരോധത്തോടുള്ള വിശ്വാസിസമൂഹത്തിന്റെ പ്രതികരണം വിസ്മയാവഹമായിരുന്നു. മദ്യനിരോധത്തെ കുറിക്കുന്ന സൂക്തങ്ങൾ കേട്ട മാത്രയിൽ 'ഞങ്ങളിതാ മദ്യം വർജിച്ചിരിക്കുന്നു'വെന്ന് അവർ ഉച്ചത്തിൽ പ്രഖ്യാപിച്ചു. മദ്യക്കോപ്പ ചുണ്ടിൽനിന്നെടുക്കുകയും മദ്യം മണ്ണിൽ ഒഴുക്കിക്കളയുകയും ചെയ്തു.

മദ്യത്തിന്റെ വിനകളെക്കുറിച്ച് ഭരണകൂടങ്ങൾക്ക് നല്ല ബോധമുണ്ട്. അമേരിക്ക പോലുള്ള രാഷ്ട്രങ്ങൾ അധികാരമുപയോഗിച്ച് മദ്യനിരോധത്തിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, പരാജയപ്പെടുകയായിരുന്നു. ഇവിടെയാണ് ഇസ്‌ലാമിക ഭരണകൂടം നടപ്പാക്കിയ വിജയകരമായ മദ്യനിരോധത്തിന്റെ പ്രസക്തി.

മദ്യത്തോടുള്ള നിലപാടിൽ അഭിപ്രായ വ്യത്യാസം വെച്ചുപുലർത്തുന്നവരാണ് ക്രൈസ്തവ പുരോഹിതർ. ബൈബിളിലെ ഒരു വചനമാണ് അഭിപ്രായ വ്യത്യാസത്തിന് കാരണം: "മിതമായ മദ്യപാനം ഉദരത്തിന് ആശ്വാസകരമാണ്." എന്നാൽ മിതമായ മദ്യപാനവും ഒഴിവാക്കുന്നതാണ് ബുദ്ധി. കാരണം, മിതമായ മദ്യപാനം അമിതമായ മദ്യപാനത്തിലേക്കാണ് നയിക്കുക. അവസാനം ചെന്നെത്തുന്നതോ മദ്യാസക്തിയിലും. ഇസ്‌ലാമിന്റെ നിലപാട് പ്രസക്തമാവുന്നത് ഇവിടെയാണ്. ലഹരി പിടിപ്പിക്കുന്ന സർവവും മദ്യമാണെന്നാണ് ഇസ്‌ലാമിക നിലപാട്. അത് മിതമായാലും അമിതമായാലും ശരി.

മദ്യം ഉൽപാദിപ്പിക്കുന്നത് എന്തിൽനിന്ന് എന്നല്ല, അത് വരുത്തിവെക്കുന്ന സാമൂഹിക വിപത്തുകളാണ് ഇസ്‌ലാം കണക്കിലെടുക്കുന്നത്. ഏതൊരു പദാർഥത്തിൽ ലഹരിയുണ്ടോ എങ്കിലതിനെ ലഹരിയായി കാണണം. അതിന് ബിയറെന്നോ വിസ്കിയെന്നോ മറ്റേത് പേര് നൽകിയാലും ശരി. ഗോതമ്പ്, ബാർലി, തേൻ തുടങ്ങിയവയിൽനിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന മദ്യത്തെക്കുറിച്ച് പ്രവാചകനോട് ചോദിച്ചപ്പോൾ മറുപടി ഇപ്രകാരമായിരുന്നു: "ലഹരി നൽകുന്നതെല്ലാം മദ്യമാണ്. മദ്യമാകട്ടെ നിഷിദ്ധവും."

മനുഷ്യബുദ്ധിക്ക് മറയിടുന്നതാണ് മദ്യമെന്ന് ഉമർ(റ) പറയുകയുണ്ടായി. മദ്യത്തിന്റെ മിതമോ അമിതമോ ആയ അളവ് ഇസ്‌ലാം പരിഗണിക്കുന്നേയില്ല. പ്രവാചകൻ(സ) പറഞ്ഞു: "അമിത ഉപയോഗത്തിലൂടെ ലഹലി പിടിപ്പിക്കുന്ന ഏതൊന്നിന്റെയും മിത ഉപയോഗവും നിഷിദ്ധമാണ്." ■